**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 465** **03-11-2021 - ൽ മറുപടിയ്ക്ക്**

**അർബുദരോഗ ചികിത്സയ്ക്കായി പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എം.വിജിൻ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അർബുദരോഗബാധ ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ അർബുദരോഗ ചികിത്സകൾക്ക് പ്രത്യേകമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അർബുദ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും അർബുദത്തിലേക്ക് നയിക്കുന്ന ഹേതുക്കൾ നിയന്ത്രിക്കുന്നതിനും ശാസ്ത്രീയമായ ചികിത്സ നൽകുന്നതിനും സംസ്ഥാന ആരോഗ്യവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും മെഡിക്കൽ കോളേജുകളിലും മാത്രമായി ലഭിച്ചിരുന്ന ക്യാൻസർ ചികിത്സ ഇന്ന് ആരോഗ്യ വകുപ്പിന് കീഴിലുള്ള 24 ആശുപത്രികളിലൂടെ നൽകത്തക്ക രീതിയിൽ ആശുപത്രികളെ സജ്ജീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനും കീമോതെറാപ്പി പോലെയുള്ള സാങ്കേതിക വൈദഗ്ധ്യം വേണ്ടി വരുന്ന ചികിത്സാരീതികളിൽ ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനും ആരോഗ്യബോധവൽക്കരണം നടത്തുന്നതിനും ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ക്യാൻസർ സ്ട്രാറ്റജിക്ക് ആക്ഷൻ പ്ലാൻ പ്രകാരമുള്ള നടപടികളും ക്യാൻസർ ബോർഡ് രൂപീകരണവും ആരോഗ്യവകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. റീജണൽ ക്യാൻസർ സെന്ററുമായി സഹകരിച്ച് കൊണ്ട് ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലൂടെ ഓരോ ജില്ലകളിലെയും രോഗികൾക്ക് ക്യാൻസർ ചികിത്സ നൽകുന്നതിന് സാധിക്കുന്നതിലൂടെ കോവിഡ് കാലത്ത് അർബുദരോഗികൾക്ക് ചികിത്സ മുടങ്ങാതെ നൽകാൻ സാധിച്ചുവെന്നത് ഈ പദ്ധതിയുടെ ഒരു നേട്ടമായി കണക്കാക്കാവുന്നതാണ്. സംസ്ഥാനത്ത് അർബുദരോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ |

കാൻസർ പ്രതിരോധ നിയന്ത്രണ പരിപാടികളുടെ ഭാഗമായി കേരളം കാൻസർ നിയന്ത്രണ പദ്ധതിയുടെ 2018 മുതൽ 2030 വരെ എന്നതിന്റെ മാർഗ്ഗ രേഖ തയ്യാറാക്കിയിട്ടുണ്ട്. ബോധവൽക്കരണത്തിലൂടെ കാൻസർ സാക്ഷരത സമൂഹത്തിൽ നടപ്പിലാക്കുകയും അതുവഴി രോഗനിയന്ത്രണം നടപ്പിലാക്കുകയുമാണ് ലക്ഷ്യം. ബഹു.മുഖ്യമന്ത്രിയുടെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഇതിനോടകം ജില്ലാ തലത്തിൽ കാൻസർ നിയന്ത്രണ പദ്ധതികൾക്ക് തുടക്കമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. 'ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം' എന്ന പേരിൽ വിവിധ ജില്ലകളിലെ ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്ക് കാൻസർ മുൻകൂർ രോഗനിർണ്ണയ പരിശീലനം ആർസിസി നൽകിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യ-വിദ്യാഭ്യാസ വകുപ്പിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മുന്നോട്ടുപോകുവാനാണ് ഇനി കാൻസർ സെന്ററുകൾ ലക്ഷ്യമിടുന്നത്. കാൻസർ സെന്ററിൽ നേരിട്ട് എത്തിച്ചേരാതെ തന്നെ വ്യക്തിയുടെ തൊട്ടടുത്തുള്ള ഗവണ്മെന്റ് ചികിത്സാ കേന്ദ്രത്തിൽ പരിശോധിക്കുവാനുള്ള സൗകര്യങ്ങൾ തയ്യാറാക്കുകയും, ആവശ്യമെങ്കിൽ മാത്രം താലൂക്ക് ആശുപത്രിയിലേക്കോ ജനറൽ ആശുപത്രിയിലേക്കോ ഇനി റെഫർ ചെയ്യുകയും ചെയ്യാം. ചെറിയൊരു ശതമാനം ആൾക്കാർക്ക് മാത്രമേ കാൻസർ സെന്ററിനെയോ, മെഡിക്കൽ കോളേജിനെയോ ആശ്രയിക്കേണ്ടി വരുകയുള്ളു. ഇത് വികേന്ദ്രീകൃത കാൻസർ ചികിത്സക്ക് അവസരമുണ്ടാക്കും.

ഡിസ്ട്രിക്ട് കാൻസർ കൺട്രോൾ പ്രോഗ്രാം

പുകയില, മദ്യപാനം എന്നീ ദുശ്ശീലങ്ങൾക്കെതിരേ ബോധവൽകരണം നടത്തുകയും ജീവിത ശൈലിയുടെ പ്രാധാന്യത്തിന് ഊന്നൽ നൽകുകയും ചെയ്തു വരുന്നുണ്ട്. സമൂഹത്തിൽ കണ്ടു വരുന്ന പ്രധാനപ്പെട്ട ക്യാൻസറുകളുള്ളവരെ (വായ്, സ്തനം, ഗർഭാശയഗളം) നേരത്തേ കണ്ടുപിടിച്ച് അത്തരം രോഗികളെ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് അയക്കുവാൻ സാധിക്കും. ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കാൻസർ സെന്ററുകളും മെഡിക്കൽ കോളേജുകൾ തുടങ്ങി കാൻസർ ചികിത്സാ കേന്ദ്രങ്ങളുള്ള സ്ഥാപനങ്ങളിലെ സൗകര്യങ്ങളും, മാനവവിഭവശേഷിയും വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി

| | | | |
|---|---|---|---|
| | | | ആർ.സി.സിയിൽ പണിയുന്ന പതിനാല് നില കെട്ടിടം 2022- ഓടു കൂടി പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. നൂതന സാങ്കേതിക ഉപകരണമായ ലീനിയർ ആക്സലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. പുതിയ ഡ്യുവൽ സോഴ്സ് ഡ്യുവൽ എനർജി സി ടി സ്കാനറിന്റെ പ്രവർത്തനം ആരംഭിച്ചു. അത്യാധുനിക ചികിത്സാരീതിയായ ലുട്ടീഷ്യം തെറാപ്പി ആർ.സി.സി യിൽ ആരംഭിച്ചു കഴിഞ്ഞു. 10 കിടക്കകളുള്ള ആധുനിക സൗകര്യത്തോടുകൂടിയ അത്യാഹിത വിഭാഗവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ എന്നിവിടങ്ങളിൽ ഏറ്റവും പുതിയ സംവിധാനങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഏറ്റവും പുതിയ ചികിത്സാ സംവിധാനമായ കോൾപോസ്കോപ്പി യൂണിറ്റിന്റെ പ്രവർത്തനം കൊച്ചിൻ കാൻസർ സെന്ററിൽ ലഭ്യമാണ്. മലബാർ കാൻസർ സെന്ററിൽ അർബുദ രോഗ ചികിത്സയ്ക്ക് ആവശ്യമുള്ള ന്യൂക്ലിയർ മെഡിസിൻ ഉൾപ്പെടെയുള്ള എല്ലാ ആധുനിക സൗകര്യങ്ങളും നിലവിൽ ലഭ്യമാണ്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ത്രിതീയ ക്യാൻസർ പരിചരണ ഗവേഷണ കേന്ദ്രമെന്ന നിലയിൽ കൊച്ചിൻ ക്യാൻസർ സെന്ററിൽ എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ നൽകാമോ? | (സി) | കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ ഒരു ത്രിതീയ കാൻസർ പരിചരണ ഗവേഷണ കേന്ദ്രമായി വികസിച്ചിട്ടില്ല. അതിന്റെ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നതേയുള്ളു. സി.സി.ആർ.സിയിൽ കാൻസർ ചികിത്സക്കാവശ്യമായ ഡേ കെയർ കീമോതെറാപ്പി യൂണിറ്റ്, സർജറി വിഭാഗം, സർജറി ഐ.സി.യു പ്രീ & പോസ്റ്റ് ഓപ്പറേറ്റീവ് വാർഡുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സാധാരണയായി കണ്ടു വരുന്ന കാൻസർ വകഭേദങ്ങളായ സ്തനാർബുദം, ഗർഭാശയഗളമുഖ അർബുദം, വായിലെ കാൻസർ എന്നിവ കണ്ടു പിടിക്കുന്നതിനുള്ള സൗകര്യങ്ങളും സി.സി.ആർ.സിയിൽ ഉണ്ട്. ഇതിനു പുറമെ മാമ്മോഗ്രാം, കോൾപോസ്കോപ്പി യൂണിററ്, റീഹാബിലിറ്റേഷൻ ക്ലിനിക്ക്, പെയിൻ ക്ലിനിക്ക്, ഡേ കെയർ, കീമോതെറാപ്പി വാർഡ്, പാത്തോളജി വിഭാഗം എന്നിവയും നിലവിൽ സി.സി.ആർ.സിയിൽ പ്രവർത്തിച്ചു വരുന്നു. സി.സി.ആർ.സി.യിൽ പൂർണ്ണ സജ്ജമായിട്ടുള്ള ഒരു അനസ്തേഷ്യാ വിഭാഗം. റീഹാബിലിറ്റേഷൻ ക്ലിനിക്കുകളായ സ്പീച്ച് & സ്വാളോയിങ് ക്ലിനിക്കുകൾ ശ്വാസനാള കാൻസർ ചികിത്സക്ക് വിധേയമായവർക്കായി പ്രവർത്തിക്കുന്നു. സ്തനാർബുദ രോഗികൾക്കായി ലിംഫോഡിമ ക്ലിനിക്കുകളും, വൻകുടൽ ക്യാൻസർ രോഗബാധിതർക്കായി സ്റ്റോമ ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ നിലവിൽ എറണാകുളം ഗവണ്മെന്റ് മെഡിക്കൽ കോളേജിന്റെ |

| | | | |
|---|---|---|---|
| | | | കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. സി.സി.ആർ.സിക്ക് വേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണം നടന്നു വരുന്നതേയുള്ളു. ആയതിനാൽ സി.സി.ആർ.സിയിൽ നിലവിൽ കാൻസർ രോഗനിർണയത്തിനും ചികിത്സക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. സ്വന്തം കെട്ടിടത്തിലേക്ക് മാറുന്ന മുറയ്ക്ക് പൂർണ്ണമായും സജ്ജമായ ഒരു ത്രിതീയ കാൻസർ പരിചരണ ഗവേഷണ കേന്ദ്രമായി മാറ്റാൻ കഴിയും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

മലബാർ കാൻസർ സെൻററിൻ താഴെ പറയുന്ന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.

- 200 + രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യൻറ് ബ്ലോക്ക്
- ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോ തെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മഷീൻ, എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം.
- ആധുനിക സൗകര്യങ്ങളോട്ടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോററ്ററി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം.
- 4D സ്കാനർ, സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ സ്കാൻ, സി.ടി.സ്കാൻ, 500 എം.എ എക്സ് റേ മെഷീനും,അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം.
- ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യൻറ് വിഭാഗം.
- ബോൺമാരോ ട്രാൻസ്പ്ലാൻറേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം .
- കുട്ടികളിൽ മജ്ജമാറ്റിവയ്ക്കൽ ചികിത്സ
- എൻറോസ്കോപ്പി,കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ.
- രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണൻറ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോട്ടുകൂടിയ ബ്ലഡ് ബാങ്ക്.
- ആധുനിക സജ്ജീകരണങ്ങളോട്ടുകൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്.
- ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ.
- കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.
- മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.
- അത്യാധുനിക സൗകര്യത്തോട്ടുകൂടിയ PET CT, SPECT CT, എന്നിവയോട്ടുകൂടിയ ന്യൂക്ലിയർ മെഡിസിൻ വിഭാഗം
- അധുനിക സജ്ജികരണത്തോട്ടുകൂടിയ റേഡിയോളജി Cath Lab സജ്ജികരണം.
- Inntervention Radiology വിഭാഗം പ്രവർത്തിക്കുന്ന കാൻസർ സ്ഥാപനം
- രക്തസംബന്ധമായ രോഗനിർണയം, മജ്ജമാറ്റിവെക്കൽ, കിമോതെറാപ്പി ടാർഗെറ്റഡ് തെറാപ്പി,' ഇമ്മ്യൂണോതെറാപ്പി, തുടങ്ങിയ ആധുനിക സൗകര്യത്തോട്ടുകൂടിയ ക്ലിനിക്കൽ ഹെമറ്റോളജി, പീഡിയാട്രിക് ഓങ്കോളജി , & മെഡിക്കൽ ഓങ്കോളജി വിഭാഗം.

ഗവണ്മെന്റ് KIIFB I. Phase ൽ 81.69 കോടി (എൺപത്തി ഒന്ന് കോടി അറുപത്തി ഒൻപത് ലക്ഷം) ഫണ്ട് ഉപയോഗിച്ച് അധുനിക രീതിയില്ലുള്ള റേഡിയോ തെറാപ്പി ബ്ലോക്ക്. KIIFB II. Phase ൽ 599 കോടി (അഞ്ഞൂറ്റി തൊണ്ണൂറ്റി ഒൻപത് കോടി )ഫണ്ട് ഇപയോഗിച്ച് കൊണ്ട് കാൻസർ റിസർച്ച് ബ്ലോക്കും 350 പേർക്ക് കിടത്തി ചികിൽസിപ്പിക്കായുള്ള സൗകര്യം ഏർപ്പെടുത്തി വരുന്നു. 14 ലക്ഷത്തിന്റെ SPV ആയി WAPCOS നെ ച്ചമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ചുള്ള നിർമ്മാണം നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ